(ബി) ഈ പേര് മാറ്റം ട്രഷറി രേഖകളിലും അക്കൗണ്ടന്റ് ജനറൽ ഓഫീസ് രേഖകളിലും കൂടി പ്രാബല്യത്തിൽ വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ട്രഷറി രേഖകളിലും അക്കൗണ്ടന്റ് ജനറൽ ഓഫീസ് രേഖകളിലും പ്രസ്തുത മാറ്റം പ്രാബല്യത്തിൽ വരുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇത് സംബന്ധിച്ച ഉത്തരവുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിലുള്ള പേര് മാറ്റം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

**ആലപ്പുഴ ഇടക്കുന്നം ഗവൺമെന്റ് യു.പി. സ്കൂൾ ടെക്നിക്കൽ ഹൈസ്കൂളായി ഉയർത്തുന്നതിന് നടപടി**

**132 (2073)** ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽപ്പെട്ട നൂറനാട് പഞ്ചായത്തിലെ ഇടക്കുന്നം ഗവൺമെന്റ് യു.പി. സ്കൂൾ ടെക്നിക്കൽ ഹൈസ്കൂളായി ഉയർത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് മുന്നിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ ഈ പ്രദേശത്തെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അടിയന്തിരമായി ടെക്നിക്കൽ ഹൈസ്കൂൾ ഇവിടെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നല്ല നിലയിൽ പ്രവർത്തിക്കുന്ന ഇടക്കുന്നം യു.പി. സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ നിർദ്ദേശം ഒന്നുംതന്നെ ഇല്ല.

(ബി) പരിഗണനയിലില്ല.

(സി) സർക്കാർ പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് സർവശിക്ഷാ അഭിയാൻ മുഖാന്തിരമാണ്. സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ മുഖേനയാണ് എസ്.എസ്.എ. പദ്ധതി നടപ്പിലാക്കുന്നത്. പതിനൊന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം ഈ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയ്ക്ക് തുക അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly